File No.PU-A1/135/2015-FIN

# കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് - നീരകർഷകർക്ക് മൂലധന സഹായം നൽകുന്നതിനായി കേരള ഫിനാൻഷ്യൽ കോർപ്പറേഷന് ധനസഹായം - അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ധനകാര്യ (പബ്ലിക് അണ്ടർടേക്കിംഗ്- എ) വകുപ്പ്

സ.ഉ.(സാധാ) നമ്പർ. **1750**/2017/ധന തീയതി, തിരുവനന്തപുരം 06.03.2017

---

പരാമർശം :- 1) 22.06.2015 ലെ സ.ഉ (എം.എസ്) നം. 111/2015/കൃഷി
2) 04.02.2016 ലെ സ.ഉ. (കൈ) നം. 1198/16/ധന
3) 14.03.2016 ലെ. സ.ഉ. (കൈ) നം. 2311/16/ധന
4) 31.03.2016-ലെ സ.ഉ.(ആർ.റ്റി) നം.3286/16/ധന.
5) 18.01.2017-ലെ കെ.എഫ്.സി യുടെ KFC/Credit/106/2016 നമ്പർ കത്ത്
6) 18.02.2017 ലെ സ.ഉ.(ആർ.റ്റി) നം.1316/2017/ധന

## ഉത്തരവ്

പരാമർശം (1) പ്രകാരം സർക്കാർ നീര ഉത്പാദനം ത്വരിതപ്പെടുത്തുന്നതിന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ നിബന്ധന xi ൽ കർഷകർ സ്വയം കണ്ടെത്തുന്നതുകയുടെ 25% മൂലധന സഹായമായി കർഷകഉല്പാദക കമ്പനികൾക്ക് നൽകുന്നതിനായി 10 കോടി രൂപ ബജറ്റിൽ വകയിരുത്തുന്നതിനു വേണ്ട നടപടി സ്വീകരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി കേരള ഫിനാൻഷ്യൽ കോർപ്പറേഷനെ നോഡൽ ഏജൻസിയായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.

2) നീര കർഷക ഉല്പാദന കമ്പനികൾക്ക് ധനസഹായം നൽകുന്നതിനായി പരാമർശം (2), (3), (4) ഉത്തരവുകൾ പ്രകാരം കേരള ഫിനാൻഷ്യൽ കോർപ്പറേഷന് 5 കോടി രൂപ ഇതുവരെ അനുവദിച്ചു നൽകിയിട്ടുണ്ട്.

3) പരാമർശം (5) പ്രകാരം കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ 1,85,63,562/- രൂപ കൂടി ഇതിലേയ്ക്കായി അനുവദിച്ച് നൽകണമെന്ന് അഭ്യർത്ഥിയ്ക്കുകയും പരാമർശം (6) ഉത്തരവ് പ്രകാരം ഇതിലേയ്ക്കായി 1,85,64,000/- രൂപ (ഒരു കോടി എൺപത്തിഅഞ്ച് ലക്ഷത്തി അറുപത്തിനാലായിരം രൂപ മാത്രം) അധികധനാനുമതിയായി വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും നീര കർഷക ഉല്പാദന കമ്പനികൾക്ക് ധനസഹായം നൽകുന്നതിനായി '4401-00-190-88- കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ മുഖേന കർഷക ഉത്പാദക കമ്പനിക്ക് നീര ഉൽപാദനത്തിന് മൂലധന സഹായ വിതരണം (പദ്ധതി)' എന്ന ശീർഷകത്തിൽ അധികധനാനുമതിയായി അനുവദിച്ചതിൽ നിന്നും 1,85,63,562/- രൂപ (ഒരു കോടി എൺപത്തിഅഞ്ച് ലക്ഷത്തി അറുപത്തിമൂവായിരത്തി അഞ്ഞൂറ്റിഅറുപത്തിരണ്ട് രൂപ മാത്രം) താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി പിൻവലിക്കുന്നതിന് അനുമതി നൽകുകയും ചെയ്യുന്നു.

i. പിൻവലിക്കുന്ന തുക ബാങ്കിലോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിലോ നിക്ഷേപിക്കാൻ പാടില്ല.

ii. 09.02.08 ലെ സർക്കുലർ നം. 84/08/ധന, 29.08.2009 ലെ സർക്കുലർ നം. 75/09/ധന എന്നിവയിൽ പ്രതിപാദിച്ചിരിക്കുന്ന വ്യവസ്ഥകൾ കർശനമായി പാലിക്കണം.

iii. ഈ തുക മാർഗനിർദേശങ്ങൾ പ്രകാരമുളള ആവശ്യത്തിനുമാത്രമേ ഉപയോഗിക്കാൻ പാടുളളൂ.

iv. അടുത്ത ഫണ്ട് റിലീസിംഗ് സമയത്ത് കേരള ഫിനാൻഷ്യൽ കോഡിലെ ഫോറം നം.44 പ്രകാരം ഈ തുകയുടെ ആധികാരികമായ ധനവിനിയോഗ സർട്ടിഫിക്കറ്റും ചെലവായതുകയുടെ വിശദാംശങ്ങളും സമർപ്പിക്കേണ്ടതാണ്.

5) ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ (അക്കൗണ്ട്സ്) മേലൊപ്പിട്ട ബില്ല്, കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ സമർപ്പിച്ച് തുക കൈപ്പറ്റേണ്ടതാണ്. ധനവിനിയോഗ സർട്ടിഫിക്കറ്റ്, ചെലവായതുകയുടെ വിശദാംശങ്ങൾ എന്നിവ ഉൾപ്പെടുന്ന ഒരു പ്രത്യേക ആഡിറ്റഡ് അക്കൗണ്ട് ഇതിലേയ്ക്കായി ചെയർമാൻ & മാനേജിംഗ് ഡയറക്ടർ സൂക്ഷിക്കേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ഡോ. കെ.എം. എബ്രഹാം
അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ), കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ, വെളളയമ്പലം, തിരുവനന്തപുരം.
പ്ലാനിംഗ് ആന്റ് ഇക്കോണമിക് അഫയേഴ്സ് (സി.പി.എം.യു) ഡിപ്പാർട്ട്മെന്റ്
ഡെപ്യൂട്ടി സെക്രട്ടറി , ധന (അക്കൗണ്ട്സ്) വകുപ്പ്
ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി (വ്യയം)
നോഡൽ ഓഫീസർ, www.finance.kerala.gov.in
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signature valid
Digitally signed by LISHA BINOY
Date: 2017.03.10 1?:22:43 IST
Reason: Approved